**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ആശാദേവി എം.എസിന്റെ അവകാശിയായ ശ്രീ. അനീഷ് കുമാർ എം.എസ്, ആശ്രിത നിയമനത്തിനായി ഫയൽ നമ്പർ 228565/2021 പ്രകാരം നൽകിയിരുന്ന അപേക്ഷയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടപടി സ്വീകരിക്കുവാൻ വൈകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | പ്രസ്തുത ആശ്രിത നിയമന അപേക്ഷയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിൽ നിന്ന് (ഹയർ സെക്കന്ററി വിഭാഗം) യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ടി അപേക്ഷയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നിരവധി പ്രാവശ്യം ക്ലിയറൻസ് ചോദിക്കാതെ ഡിഫക്ട് മുഴുവൻ ഒറ്റപ്രാവശ്യമായി ക്ലിയർ ചെയ്ത് നൽകി അനുകമ്പാ പൂർണമായ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രീ.അനിഷ് കുമാർ.എം.എസ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കാണ് ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നത്. ടി തസ്തികയുടെ ഉയർന്ന പ്രായപരിധിയായ 36 വയസ് അപേക്ഷകന് കഴിഞ്ഞ സാഹചര്യത്തിൽ അപേക്ഷ നിരസ്സിച്ചിരുന്നു. അപേക്ഷകനോട് പാർട്ട് ടൈം കണ്ടിജന്റ് പോസ്റ്റ്-ലേക്ക് അപേക്ഷ നൽകാവുന്നതാണെന്ന് അറിയിച്ചിരുന്നു. |
| (സി) | അപേക്ഷകൻ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് പുനഃസമർപ്പിച്ചിരിക്കുന്ന അപേക്ഷ ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ 09.06.2022-ലെ കത്തിനൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ടോ ;ഇതു സംബന്ധിച്ച് ഡയറക്ടറേറ്റ് വീണ്ടും ക്ലാരിഫിക്കേഷൻ ചോദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്കൂൾ പ്രിൻസിപ്പൽ മറുപടി നൽകി സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (സി) | അപേക്ഷകൻ പാർട്ട് ടൈം കണ്ടിൻജന്റ് പോസ്റ്റ്-ലേക്ക് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (ഹയർ സെക്കന്ററി വിഭാഗം) ലഭിച്ചിട്ടുണ്ട്. G.O (P) No. 01/2018/P&ARD Dated: 07/01/2018 പ്രകാരം കേന്ദ്ര സംസ്ഥാന വകുപ്പുകൾ, അതിനു കീഴിലുള്ള സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നില്ല എന്ന ഡിക്ലറേഷൻ അപേക്ഷയിൽ ചേർത്തിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സ്കൂൾ പ്രിൻസിപ്പലിൽ നിന്നും ലഭ്യമാക്കി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ശ്രീ. അനീഷ് കുമാർ എം.എസ്. ന് ആശ്രിത നിയമനം എത്രയും വേഗം നൽകുന്നതിന് അനുകമ്പാ | (ഡി) | അപേക്ഷകൻ പാർട്ട് ടൈം കണ്ടിൻജന്റ് പോസ്റ്റ്-ലേക്ക് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | പൂർണമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | ഡയറക്ടർക്ക് (ഹയർ സെക്കന്ററി വിഭാഗം) ലഭിച്ചിട്ടുണ്ട്. G.O (P) No. 01/2018/P&ARD Dated: 07/01/2018 പ്രകാരം കേന്ദ്ര സംസ്ഥാന വകുപ്പുകൾ, അതിനു കീഴിലുള്ള സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നില്ല എന്ന ഡിക്ലറേഷൻ അപേക്ഷയിൽ ചേർത്തിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സ്കൂൾ പ്രിൻസിപ്പലിൽ നിന്നും ലഭ്യമാക്കി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ